# ഏതാനും മയ്യിത്ത് കഥകൾ

**മായിൻകുട്ടി സുല്ലമി**

തബ്‌ലീഗുകാരുടെ കള്ളക്കഥകൾ വായിച്ചാൽ ഒരു കാര്യം ബോധ്യമാവും. സൂഫികളാരും മരിച്ചു കിടക്കുകയല്ല. മരിച്ചു കറങ്ങുകയാണ്. ജീവിച്ചിരിക്കുന്ന കാലഘട്ടത്തേക്കാൾ ശക്തി മരിച്ച സൂഫികൾക്ക്. കഥ പറയുന്നത് സൂഫി തന്നെ.

'ഹലറത്ത് അബൂസഈദ് ഖസ്സാസ് പറയുന്നു: 'ഞാൻ മക്കാ മുകർറമയിൽ ആയിരുന്നപ്പോൾ ഒരു പ്രാവശ്യം ബാബുബനു ശൈബയിൽ കൂടി കടന്നുപോയി. അവിടെ ഒരു യുവാവിന്റെ ജനാസ വച്ചിരിക്കുന്നതായി കണ്ടു. നല്ല സൗന്ദര്യമുള്ള മുഖം. ഞാൻ ആ മുഖത്തേക്ക് സൂക്ഷിച്ചു നോക്കിയപ്പോൾ അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് ഓ! അബൂസഈദു! ആഷിക്കുകൾ (അല്ലാഹുവിനെ അധികമായി പ്രേമിക്കുന്നവർ) മരിക്കുകയില്ല. എന്നും ജീവിച്ചിരിക്കുന്നവരാണ്. ബാഹ്യമായി അവർ മരിക്കുന്നുണ്ടെങ്കിലും അവരുടെ മരണം ഒരു ലോകത്തുനിന്നും മറ്റൊരു ലോകത്തേക്ക് നീങ്ങൽ മാത്രമാണ്, എന്ന് നിങ്ങൾക്കറിയില്ലേ എന്ന് ചോദിച്ചു' ഹജ്ജിന്റെ മഹത്വങ്ങൾ. കഥ 55. പേ. 503 സൂഫികളെ മഹത്വവൽക്കരിക്കുന്നു. അതിനുവേണ്ടി വെള്ള പൂശുകയാണ്.

## സംസാരിക്കുന്ന മയ്യിത്തുകൾ

ശൈഖ് അബൂയഅ്ഖൂബ് സനൂസി പറയുന്നു: 'എന്റെയടുക്കൽ ഒരു മുരീദു മക്കാ മുകർറമയിൽ വന്നിട്ട് പറഞ്ഞു. ഉസ്താദേ! ഞാൻ നാളെ ളുഹർ സമയത്ത് മരിക്കും. ഈ അഷ്റഫികൾ (കാശ്) കയ്യിൽ വച്ചേയ്ക്കണം. ഇതിൽനിന്നും പകുതി ക്വബ്ർ കുഴിക്കുന്നവന് കൂലികൊടുക്കുകയും പകുതി കഫൻ വാങ്ങുന്നതിനും മറ്റും ഉപയോഗിക്കുകയും ചെയ്യണം. പിറ്റേ ദിവസം ളുഹർ സമയം അദ്ദേഹം മസ്ജിദുൽ ഹറമിൽ വരികയും ത്വവാഫ് ചെയ്തിട്ട് അൽപം ദൂരെപോയി മരിക്കുകയും ചെയ്തു. ക്വബ്റിൽ കൊണ്ടുചെന്ന് വച്ചപ്പോൾ അദ്ദേഹം കണ്ണ് തുറന്നു. മരിച്ചതിനുശേഷം ജീവിച്ചിരിക്കുകയാണോ? എന്ന് ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ങ്ഹാ! ഞാൻ ജീവിച്ചിരിക്കുകയാണ്. അല്ലാഹുവിന്റെ എല്ലാ ആശിക്കുകളും ജീവിച്ചിരിക്കുകയാണ്.' ഹജ്ജിന്റെ മഹത്വങ്ങൾ പേ. 503 സ്വദഖയുടെ മഹത്വങ്ങൾ പേ. 806

## പിടിവലിയും ചിരിയും നടത്തുന്ന മയ്യിത്ത്

ശൈഖൻമാർക്ക് മരണസമയം അറിയും. മരിച്ചാലും ജീവിക്കും. കൈാര്യങ്ങൾ ചെയ്യും. പിന്നെ എന്ത് മരണം എന്ന് ചോദിച്ചേക്കാം. ഒരു മഹാൻ പറയുന്നു: ഞാൻ ഒരു മുരീദിനെ മയ്യിത്ത് കുളിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹം എൻെറ തള്ളവിരലിൽ പിടിച്ചു. അപ്പോൾ നിങ്ങൾ എൻെറ വിരല് വിടുക. നിങ്ങൾ മരിച്ചിട്ടിലെന്ന് എനിക്കറിയാം. ഒരു വീട്ടിൽനിന്നും മറ്റൊരു വീട്ടിലേക്ക് നീങ്ങിയിരിക്കുകയാണ് എന്ന് ഞാൻ പറഞ്ഞു. അപ്പോൾ അദ്ദേഹം എൻെറ വിരൽ വിട്ടു. പ്രസിദ്ധനായ ഇബ്നു ജലാഅ് എന്ന മഹാൻ പറയുന്നു: എൻെറ പിതാവ് മരിച്ചശേഷം കുളിപ്പിക്കാനായി കട്ടിലിൽ കിടത്തിയപ്പോൾ അദ്ദേഹം ചിരിക്കാൻ തുടങ്ങി. കുളിപ്പിച്ചുകൊണ്ടിരുന്നവരെല്ലാം അദ്ദേഹത്തെ വിട്ടിട്ട് പൊയ്ക്കളഞ്ഞു. ആർക്കും അദ്ദേഹത്തെ കുളിപ്പിക്കാൻ ധൈര്യം വന്നില്ല. പിന്നീട് അദ്ദേഹത്തിൻെറ സ്നേഹിതനായ മറ്റൊരു മഹാൻ വന്ന് അദ്ദേഹത്തെ കുളിപ്പിച്ചു. (സ്വദഖയുടെ മഹത്വങ്ങൾ പേ. 806) മഹാൻമാർക്ക് പിന്നെ എന്തും ആവാമല്ലോ. ഇതൊക്കെ പ്രചരിപ്പിക്കുന്നവർ എന്താണ് വിശ്വസിക്കുന്നത്? മാറാട് ഒരു സൂഫി മരിച്ചിട്ട് അദ്ദേഹത്തെ മറമാടാൻ മുരീദൻമാർ സമ്മതിച്ചില്ല. മയ്യിത്ത് അളിഞ്ഞപ്പോൾ പോലീസ് ഇടപെട്ടു മറമാടിയ കഥ പത്രത്തിൽ വായിച്ചിരിക്കും. സൂഫി മരിച്ചിട്ടില്ല എന്നാണ് മുരീദൻമാർ ശക്തിയായി വാദിച്ചത്. അദ്ദേഹം തിരിച്ചുവരുന്നത് കാത്തിരിക്കുന്ന മുരീദൻമാരെ സൃഷ്ടിക്കാൻ ഇത്തരം കഥകൾ ഉപകരിക്കും.

തബ്ലീഗുകാരുടെ മറ്റൊരു കള്ളക്കഥ കാണുക: 'അബൂ സഈദ് ഖസ്സാസ് പറയുന്നു: ഞാൻ ഒരു ദിവസം മക്കാ മുകർറമയിൽ വെച്ച് ബാബുബനീഷൈബയിൽ കൂടി പുറത്തേക്കു പോവുകയായിരുന്നു. വാതിലിനുവെളിയിൽ നല്ല സുന്ദരനായ ഒരാൾ മരിച്ചുകിടക്കുന്നതായി കണ്ടു. ഞാൻ അദ്ദേഹത്തെ സൂക്ഷിച്ചുനോക്കിയപ്പോൾ അദ്ദേഹം എന്നെ നോക്കി ചിരിക്കുകയും അബൂസഈദേ (സ്നേഹമുള്ള) സ്നേഹിതൻമാർ മരിക്കുന്നതല്ല. ഒരു ലോകത്തുനിന്നും മറ്റൊരു ലോകത്തേക്ക് സ്ഥലം മാറിപ്പോവുകയേയുള്ളൂ എന്ന് നിങ്ങൾക്കറിയുകയില്ലേ എന്ന് പറയുകയും ചെയ്തു.' സ്വദഖയുടെ മഹത്വങ്ങൾ പേ. 821.

മറ്റൊരു കെട്ടുകഥ നോക്കാം. 'അബൂ അലിയ്യ് റുദ്ബാരി പറയുന്നു: പഴയ വ്സത്രവും ധരിച്ച് വളരെ ദരിദ്രാവസ്ഥയിലായിരുന്ന ഒരു ഫഖീർ പെരുന്നാൾ ദിവസം എൻെറ അടുക്കൽ വന്നു. എന്നിട്ടദ്ദേഹം ഇവിടെ പരദേശിയായ ഒരു സാധുവിന് കിടന്നുമരിക്കാനായി ശുദ്ധമായ വല്ല സ്ഥലവും ഉണ്ടോ? എന്ന് ചോദിച്ചു. ഞാൻ അതൊരു പാഴ്വർത്തമാനമായി മനസിലാക്കിക്കൊണ്ട് ഒരു കാര്യമായി കണക്കാക്കാതെ അകത്തു വന്ന് നിനക്കിഷ്ടമുള്ള സ്ഥലത്ത് കിടന്നുമരിക്കുക എന്നു പറഞ്ഞു. അയാൾ അകത്ത് വന്ന് വുളുചെയ്ത് ചില റകഅത്തുകൾ നമസ്കരിച്ച ശേഷം അവിടെ കിടന്നു മരിച്ചു. ഞാൻ അദ്ദേഹത്തെ കുളിപ്പിച്ചു കഫൻ ചെയ്ത് അടക്കം ചെയ്യുന്നതിന്നായി ക്വബ്റിൽ

കൊണ്ടുപോയി വെച്ചപ്പോൾ അദ്ദേഹത്തിൻെറ മുഖത്തുനിന്നും കഫൻ നീക്കി മുഖം തറയിൽ വക്കാം, അതു കാരണമായി അല്ലാഹുവിന് അദ്ദേഹത്തിൻെറ സാധുത്വത്തിൽ കരുണ തോന്നട്ടെ, എന്നു ഞാൻ വിചാരിച്ചു. അങ്ങിനെ ഞാൻ അദ്ദേഹത്തിൻെറ മുഖം തുറന്നപ്പോൾ അദ്ദേഹം കണ്ണു തുറന്നു. അപ്പോൾ ഞാൻ എൻെറ യജമാനനേ! മരണത്തിനുശേഷവും ജീവിച്ചിരിക്കുകയാണോ? എന്നു ചോദിച്ചു. ഉടനെ അദ്ദേഹം പറഞ്ഞു. ഞാൻ ജീവിച്ചിരിക്കുകയാണ്. അല്ലാഹുവിനെ പ്രേമിക്കുന്ന എല്ലാവരും ജീവിച്ചിരിക്കുന്നവരാണ്. നാളെ ഖിയാമത്ത് നാളിൽ എനിക്ക് കിട്ടുന്ന പദവികൊണ്ട് ഞാൻ നിങ്ങളെ സഹായിക്കുന്നതാണ്.' സ്വദഖയുടെ മഹത്വങ്ങൾ. പേ. 819.

വിശുദ്ധ ക്വുർആനും തിരുസുന്നത്തും പഠിപ്പിക്കുന്ന മൗലിക തത്വങ്ങളെ അട്ടിമറിക്കുന്ന ഭീകരവും ക്രൂരവുമാണീ കഥകളെല്ലാം. എന്തിനാണ് ഇതെല്ലാം സമൂഹത്തെ പഠിപ്പിക്കുന്നത്? പരലോകത്തിൻെറ കാര്യം നിശ്ചയിച്ചുപറയാൻ സൂഫികൾ ആരാണ്? അല്ലാഹുവിൻെറ റസൂൽ(സ്വ) പറയുന്നു: 'അല്ലാഹുവാണ എനിക്കറിയില്ല. അല്ലാഹുവാണ എനിക്കറിയില്ല, എന്നെയോ നിങ്ങളെയോ എന്താണ് ചെയ്യുകയെന്ന്, ഞാൻ അല്ലാഹുവിൻെറ ദൂതനാണെങ്കിലും' (ബുഖാരി).

നബി(സ്വ) തങ്ങളുടെ കുടുംബക്കാരോടും ഓമനപുത്രിയോടും പറഞ്ഞ കാര്യങ്ങൾ ശ്രദ്ധിക്കാം: 'ഖുറൈശി സമൂഹമേ, നിങ്ങളെ നിങ്ങൾ തന്നെ വാങ്ങിക്കൊള്ളുക. (രക്ഷപ്പെടുത്തിക്കൊള്ളുക) അല്ലാഹുവിൽനിന്ന് നിങ്ങളെ അൽപമെങ്കിലും രക്ഷിക്കാൻ എനിക്ക് കഴിയില്ല. അബ്ദുമനാഫ് സന്തതികളേ, അല്ലാഹുവിൽ നിന്ന് നിങ്ങളെ അൽപമെങ്കിലും രക്ഷിക്കാൻ എന്നിക്കാവില്ല. അബ്ദുൽ മുത്തലിബ് മകൻ അബ്ബാസ്, അല്ലാഹുവിൽ നിന്ന് നിങ്ങളെ അൽപമെങ്കിലും രക്ഷിക്കാൻ എനിക്കാവില്ല. അല്ലാഹുവിൻെറ ദൂതൻ മുഹമ്മദിൻെറ അമ്മായി സഫിയ്യാ, അല്ലാഹുവിൽ നിന്ന് നിങ്ങളെ അൽപമെങ്കിലും രക്ഷിക്കാൻ എനിക്കാവില്ല. മുഹമ്മദിൻെറ പുത്രി ഫാത്വിമാ, എൻെറ സ്വത്തിൽനിന്ന് നീ വേണ്ടത് ചോദിച്ചോ, അല്ലാഹുവിൽ നിന്ന് നിന്നെ അൽപമെങ്കിലും രക്ഷിക്കാൻ എനിക്കാവില്ല.' (ബുഖാരി, മുസ്ലിം) നബി(സ്വ)യെക്കാളും വലിയവർ സൂഫികളോ? ഈ സൂഫികൾ ഇസ്ലാമിൻെറ നേരെ പ്രയോഗിക്കുന്ന ആറ്റം ബോംബിന് സമാനമായ കഥകൾ സമൂഹം തിരിച്ചറിയണം.

സൂഫികൾ മരിച്ചാലും മരിച്ചിട്ടില്ലത്രെ, യഥേഷ്ടം മുരീദൻമാർക്ക് സ്വർഗം നൽകുന്നു. മരിച്ചിട്ടും വർത്തമാനം പറയുന്നു. പിടിയും വലിയും നടത്തുകയും ചെയ്യുന്ന കഥകൾ. മരിച്ചവർ വിളി കേൾക്കില്ല. കേട്ടാൽ തന്നെ ഉത്തരം ചെയ്യില്ല എന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കുന്നുണ്ട്. വസ്തുതകൾ താരതമ്യം ചെയ്തുകൊണ്ട് വിശുദ്ധ ക്വുർആൻ പറയുന്നു: 'അന്ധനും കാഴ്ചയുള്ളവനും സമമാവുകയില്ല. ഇരുളുകളും വെളിച്ചവും (സമമാവുകയില്ല) തണലും ചൂടുള്ള വെയിലും (സമമാവുകയില്ല) ജീവിച്ചിരിക്കുന്നവരും

മരിച്ചവരും (സമമാകുകയില്ല) തീർച്ചയായും അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ കേൾപ്പിക്കുന്നു. നിനക്ക് ക്വബ്റുകളിലുള്ളവരെ കേൾപ്പിക്കാനാവില്ല. നീ ഒരു താക്കീതുകാരൻ മാത്രമാകുന്നു.' 35:19-23 തൊട്ടുമുകളിൽ പറയുന്നു: 'പാപഭാരം വഹിക്കുന്ന യാതൊരാളും മറ്റൊരാളുടെ ഭാരം ഏറ്റെടുക്കുകയില്ല.' 35:8. ആരും ആരുടെയും പാപഭാരം പേറുകയില്ല. മാതാപിതാക്കളോ മക്കളോ ദമ്പതികളോ ആരുംതന്നെ പരസ്പരം പാപഭാരം പേറുകയില്ല. ഓരോരുത്തരും അവരുടെ കർമഫലം അനുഭവിക്കേണ്ടിവരും. തീർച്ച.

അല്ലാഹു പറയുന്നു: 'എന്നാൽ മരിച്ചവരെ നിനക്ക് കേൾപ്പിക്കാനാവില്ല. തീർച്ച.' 30:52. പരമാധികാരി അല്ലാഹുവാണ്. അവൻെറ ഇഷ്ടം, അവൻെറ സമ്മതം ഇല്ലാതെ ആരും ആർക്കുവേണ്ടിയും ശുപാർശ നടത്തില്ല. 'റൂഹും മലക്കുകളും അണിയായി നിൽക്കുന്ന ദിവസം പരമകാരുണികനായ അല്ലാഹു അനുവാദം നൽകിയിട്ടുള്ളവനും സത്യം പറഞ്ഞിട്ടുള്ളവനുമല്ലാതെ അന്ന് സംസാരിക്കുകയില്ല' 78:38. 'അവൻെറ അനുവാദ പ്രകാരമല്ലാതെ അവൻെറയടുക്കൽ ശുപാർശ നടത്താനാരുണ്ട്. 2:255

എല്ലാവർക്കും മരണമുണ്ട്. ആശിഖീങ്ങൾ മരിച്ചാലും ജീവിച്ചിരിക്കുന്നവരാണെന്ന വാദം ശുദ്ധ അവിവേകമാണ്. എന്നുമെന്നും ജീവിച്ചിരിക്കുന്നവൻ അല്ലാഹു മാത്രം. അവന് മരണമില്ല. നബി(സ്വ)യെക്കുറിച്ച് തന്നെ വിശുദ്ധ ക്വുർആൻ പറയുന്നു: 'മുഹമ്മദ് അല്ലാഹുവിൻെറ ഒരു ദൂതൻ മാത്രമാകുന്നു. അദ്ദേഹത്തിനു മുമ്പും ദൂതൻമാർ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ, കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ചുപോവുകയോ?' 3:144. 'തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവനാകുന്നു.' 39:30. നബി(സ്വ) മരിച്ചു. എന്നാൽ ആശിഖ് സൂഫി മരിക്കുന്നില്ലപോൽ.

## ക്വുർആൻ ഓതുന്ന ക്വബ്റാളി

പ്രമാണങ്ങൾക്കും ബുദ്ധിക്കും നിരക്കാത്ത കഥകൾ കണ്ടെത്തി പ്രചരിപ്പിക്കുന്നതിൽ എന്ത് നന്മയാണുള്ളത്? ഒരു കഥ നോക്കൂ: 'ഒരു കഫൻ മോഷ്ടാവ്, ക്വബ്റുകൾ കുഴിച്ച് കഫൻ മോഷ്ടിച്ചുകൊണ്ടിരുന്നു. അങ്ങിനെ ഒരു ക്വബ്ർ കുഴിച്ചപ്പോൾ അതിൽ ഒരാൾ ഒരു ഉയർന്ന സിംഹാസനത്തിൽ ഇരുന്ന് ക്വുർആൻ ഷരീഫ് മുന്നിൽവെച്ച് ഓതിക്കൊണ്ടിരിക്കുന്നതായി കണ്ടു. ആ സിംഹാസനത്തിന് കീഴിൽ ഒരു നദിയും ഒഴുകിക്കൊണ്ടിരിന്നു. അപ്പോൾ ആ മനുഷ്യൻ പേടിച്ച് ഓർമ്മകെട്ട് വീണു പോയി. ജനങ്ങൾ അയാളെ ക്വബ്റിൽ നിന്നും പൊക്കിയെടുത്തുകൊണ്ടുപോയി. മൂന്നു ദിവസത്തിനുശേഷം അയാൾക്ക് ബോധം വീണു. ജനങ്ങൾ സംഭവം ചോദിച്ചപ്പോൾ അയാൾ എല്ലാ വിവരങ്ങളും പറഞ്ഞു കേൾപ്പിച്ചു. ചില ആളുകൾ ആ ക്വബ്ർ കാണുന്നതിന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ

അതുകൊണ്ട് കാണിച്ചുകൊടുക്കാൻ അയാൾ ഉദ്ദേശിച്ചു. അന്നുരാത്രി സ്വപ്നത്തിൽ അയാൾ ആ ക്വബ്ർവാസിയായ മനുഷ്യനെകാണുകയും നീ എന്റെ ക്വബ്ർ കാണിച്ചുകൊടുക്കുകയാണെങ്കിൽ മറക്കാൻ കഴിയാത്ത ആപത്തിൽ നീ കുടുങ്ങുന്നതാണ് എന്ന് അദ്ദേഹം പറയുകയും ചെയ്തു. അതുകൊണ്ട് അയാൾ ആർക്കും ആ ക്വബ്ർ കാണിച്ചുകൊടുക്കുകയില്ലെന്ന് ഉറപ്പിച്ചുപറയുകയും ചെയ്തു.' (സ്വദഖയുടെ മഹത്വങ്ങൾ പേ. 806)

ക്വുർആൻ ഓതുന്ന ക്വബ്ർവാസി, ചിരുക്കുന്ന, വർത്തമാനം പറയുന്ന മയ്യിത്തുകൾ, ഉലകം കറങ്ങുന്ന ക്വബ്ർവാസി, സ്വർഗം വാഗ്ദാനം ചെയ്യുന്ന സൂഫി, തബ്ലീഗുകാർക്ക് ഉറയ്ക്കാത്ത കയ്യില്ല. ഇതിനെയൊക്കെ വിമർശിക്കുമ്പോൾ അവർ ദേഷ്യം പടിക്കുന്നു. അതുകൊണ്ട് കാര്യമായില്ലല്ലോ. ഇവിടെ എഴുതിയതിനേക്കാളും ഭീകരവും ക്രൂരവുമായ കഥകൾ ഇനിയും കാണാം.